# പൊതുവിദ്യാഭ്യാസ വകുപ്പ് - കേരളം

## അർദ്ധവാർഷിക മൂല്യനിർണ്ണയം

## സോഷ്യൽ സയൻസ്

**STD - X**

ആകെ സ്കോർ - 80
സമയം : - 2.30 മണിക്കൂർ

---

നിർദ്ദേശങ്ങൾ

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- ആദ്യത്തെ പതിനഞ്ച് മിനിട്ട് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
- സ്കോർ അതാത് ചോദ്യത്തിനു നേരെ കൊടുത്തിട്ടുണ്ട്.

1. പ്രത്യക്ഷ ജനാധിപത്യം പരോക്ഷജനാധിപത്യത്തിലേക്ക് വഴിമാറാൻ ഇടയാക്കിയ രണ്ട് ഘടകങ്ങൾ വിശകലനം ചെയ്യുക. (സ്കോർ - 2)


2. ഇലക്ട്രോണിക് ബാങ്കിംഗിന്റെ സവിശേഷതകളിൽ രണ്ടെണ്ണം എഴുതുക. (സ്കോർ - 2)

3. നവോത്ഥാന കാലഘട്ടത്തിലുണ്ടായ ശാസ്ത്രപുരോഗതിക്ക് നേതൃത്വം നൽകിയ പ്രശസ്തരായ മൂന്ന് ശാസ്ത്രജ്ഞന്മാരെയും അവരുടെ സംഭാവനകളെക്കുറിച്ചും ലഘു കുറിപ്പ് തയ്യാറാക്കുക? (സ്കോർ-3)

4. ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച സാമ്പത്തിക സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു? വിലയിരുത്തുക. (സ്കോർ-3)

5. ഉത്തരമഹാസമതലം, ഉപദ്വീപീയ പീഠഭൂമി എന്നിവിടങ്ങളിലെ പ്രധാന മണ്ണിനവും അവിടെ കൃഷി ചെയ്യുന്ന വിളകളും വ്യക്തമാക്കി ഒരു കുറിപ്പ് തയ്യാറാക്കുക. (സ്കോർ-4)

6.




a. ഭൂപടത്തിൽ a, b, c, d എന്നിങ്ങനെ അടയാളപ്പെടുത്തിയവ ഏത് ഭൂപ്രകൃതി വിഭാഗങ്ങളാണെന്ന് എഴുതുക?

b. ഈ ഭൂപ്രകൃതി വിഭാഗങ്ങളുടെ ഓരോ സവിശേഷത വീതം എഴുതുക.

(സ്കോർ-4)

7. ഇംഗ്ലണ്ടിലെ രാജാവും പാർലമെന്റും തമ്മിലുണ്ടായിരുന്ന ആഭ്യന്തരസമരം രാഷ്ട്രീയരംഗങ്ങളിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. (സ്കോർ-6)

അല്ലെങ്കിൽ

വിപ്ലവാനന്തരം പൂർണ്ണമായും തകർന്ന റഷ്യൻ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്താൻ റഷ്യൻ ഭരണാധികാരികൾ സ്വീകരിച്ച പ്രധാനപ്പെട്ട നടപടികൾ എന്തെല്ലാം? വിശദമാക്കുക?


8. ഉല്പന്ന കൈമാറ്റ വ്യവസ്ഥയിലെ പരിമിതികൾ എന്തെല്ലാം? പണത്തിന്റെ ആവിർഭാവത്തോടെ ഇത് പരിഹരിക്കപ്പെട്ടതെങ്ങനെ? (സ്കോർ-4)

9. യൂറോപ്യൻ ശക്തികൾ തമ്മിലുള്ള മത്സരങ്ങൾ വെറും അതിർത്തിത്തർക്കങ്ങൾ മാത്രമായിരുന്നില്ലെന്ന് പൗരസ്ത്യ യൂറോപ്യൻ സമസ്യ തെളിയിച്ചു - എന്താണ് പൗരസ്ത്യ യൂറോപ്യൻ സമസ്യ? (സ്കോർ-4)

10. ലക്ഷദ്വീപും ആൻഡമാൻ നിക്കോബർ ദ്വീപസമൂഹങ്ങളും തമ്മിൽ ഭൂമിശാസ്ത്രപരമായ ചില സാമ്യ വ്യത്യാസങ്ങളുണ്ട്. അവയിൽ ഏതെങ്കിലും രണ്ട് സാമ്യങ്ങളും രണ്ട് വ്യത്യാസങ്ങളും എഴുതുക. (സ്കോർ-4)

11. ഇറ്റലിയുടെയും ജർമനിയുടേയും ഏകീകരണത്തെ ആക്രാമക ദേശീയതയുടെ ഉദാഹരണമായി വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്? (സ്കോർ-4)

12.




ഇന്ത്യയിൽ - ഗോതമ്പ് കൃഷി ചെയ്യുന്ന പ്രദേശങ്ങളാണ് ഭൂപടത്തിൽ ഷെയ്ഡ് ചെയ്തിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a. പ്രധാന ഗോതമ്പ് ഉല്പാദക സംസ്ഥാനങ്ങൾ ഏവ?

b. ഈ സംസ്ഥാനങ്ങളിൽ ഗോതമ്പ് കൃഷിക്ക് അനുകൂലമായ രണ്ട് ഭൂമിശാസ്ത്ര സവിശേഷതകൾ എഴുതുക.

c. കേരളത്തിൽ എന്തുകൊണ്ടായിരിക്കാം ഗോതമ്പ് കൃഷി ചെയ്യാത്തത്? (സ്കോർ-3)

13. "ഇന്ത്യ ഒരു ബഹുസ്വരസമൂഹമായി നിലകൊള്ളുന്നു." ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഘടകങ്ങൾ ഏതൊക്കെ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക? (സ്കോർ-4)

14. 'വ്യവസായ വികസനത്തിൽ വിവിധ ഗതാഗതമാർഗ്ഗങ്ങളുടെ പങ്ക്' എന്ന സെമിനാറിൽ അവതരിപ്പിക്കേണ്ട പ്രബന്ധത്തിൽ നിങ്ങൾ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്ന പ്രധാന ആശയങ്ങൾ ഏവ? (സ്കോർ-5)

അല്ലെങ്കിൽ

"ഇന്ത്യയിലെ ഇരുമ്പുരുക്കു ശാലകളുടെ സ്ഥാനീയ ഘടകങ്ങൾ അവയുടെ വളർച്ചയ്ക്കു സഹായകരമാണ്"- ബൊക്കാറോയുടെ വളർച്ചയും വികസനവും ആസ്പദമാക്കി ഈ പ്രസ്താവന സമർഥിക്കുക.

15. ചില രാജ്യങ്ങൾ, ബന്ധപ്പെട്ട വ്യക്തികൾ, പ്രസ്ഥാനങ്ങൾ എന്നിവയാണ് എ.ബി.സി. കോളങ്ങളിൽ ഉള്ളത്. എ കോളത്തിനോടു ചേരുന്നവ ബി. സി. കോളങ്ങളിൽനിന്ന് തെരഞ്ഞെടുത്തെഴുതുക.

| എ | ബി | സി |
|---|---|---|
| ഇറ്റലി | ജനറൽ ഫ്രാങ്കോ | ബോൾഷെവിക്ക് |
| ജർമ്മനി | മുസ്സോലിനി | ബ്രൗൺഷർട്ട്സ് |
| റഷ്യ | ഹിറ്റ്ലർ | ബ്ലാക്ക്ഷർട്ട്സ് |
| സ്പെയിൻ | ലെനിൻ | ഫലാൻജനിസം |

(സ്കോർ-4)

16. 'രണ്ടാം ലോക യുദ്ധകാലത്തെ സൈനിക സഖ്യങ്ങളെ ബന്ധപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന പട്ടിക ഉചിതമായ ശീർഷകങ്ങൾ (തലക്കെട്ട്) നൽകി പൂർത്തിയാക്കുക.

| .................................... | .................................... |
|---|---|
| i) .................................... | i) .................................... |
| ii) .................................... | ii) .................................... |
| iii) .................................... | iii) .................................... |

(സ്കോർ-3)

17. ജനസംഖ്യാവിശകലനം ഏതൊരു രാജ്യത്തിന്റെയും പുരോഗതിക്ക് അത്യാവശ്യമാണ്. ജനസംഖ്യാ വിശകലനത്തിന്റെ ആവശ്യകത വ്യക്തമാക്കുക. (സ്കോർ-3)

18. 'ഉദാരതാവാദം ബ്രിട്ടണിലെ മധ്യവർഗത്തിന്റെ സങ്കൽപങ്ങളുടെ പ്രകടനമായിരുന്നു' – സമർഥിക്കുക? (സ്കോർ-2)

19. 'ഭീകരവാദം ലോകം നേരിടുന്ന പ്രധാന വെല്ലുവിളി' – പ്രധാനമന്ത്രി
'നിരക്ഷരത രാജ്യത്തിന്റെ ശാപം' - വാർത്ത
മുകളിൽ നൽകിയിട്ടുള്ള വാർത്താതലക്കെട്ടുകൾ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ സൂചിപ്പിക്കുന്നവയാണ്. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സെമിനാറിന് വേണ്ട അഞ്ച് ആശയങ്ങളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക? (സ്കോർ-5)

20. നമുക്കു ചുറ്റും കാണുന്ന വിവിധതരം ധനകാര്യസ്ഥാപനങ്ങളുടെ ലിസ്റ്റ് നൽകുന്നു. അവയെ നൽകിയിട്ടുള്ള തലക്കെട്ടുകൾക്ക് കീഴിൽ പട്ടികപ്പെടുത്തുക. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കാനറബാങ്ക്, മണപ്പുറം ഫിനാൻസ്, ജില്ലാ സഹകരണ ബാങ്ക്, പോപ്പുലർ ഫിനാൻസ്, സഹകരണ അർബൻ ബാങ്ക്, യൂക്കോബാങ്ക്.

| വാണിജ്യ ബാങ്കുകൾ | | സഹകരണ ബാങ്കുകൾ | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ |
|---|---|---|---|
| പൊതുമേഖല | സ്വകാര്യമേഖല | | |
| | | | |

(സ്കോർ-4)

21. ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ നൽകിയിട്ടുള്ളവയുടെ സ്ഥാനം അടയാളപ്പെടുത്തുക.
- കണ്ട്‌ല തുറമുഖം
- ആരവല്ലി പർവതം
- മഹാനദി
- ഭിലായ് ഇരുമ്പുരുക്ക് നിർമാണ ശാല

(സ്കോർ-4)

22. അരുണാചൽ പ്രദേശ്, മിസോറാം, നാഗാലാന്റ് എന്നിവ ജനസാന്ദ്രത കുറഞ്ഞ സംസ്ഥാനങ്ങളാണ്. ഇവിടങ്ങളിൽ ജനസാന്ദ്രത കുറയാനുള്ള കാരണം വ്യക്തമാക്കുക?

(സ്കോർ-3)